ലേഖനം

# ഇസ്‌ലാമിക നാഗരികതയുടെ സവിശേഷതകൾ

ഡോ. ഇമാദുദ്ദീൻ ഖലീൽ



**ഇ**സ്‌ലാമികലോകത്തെ മുൻനിര ചരിത്ര ഗവേഷകരിൽ ഒരാളാണ് ഇമാദുദ്ദീൻ ഖലീൽ. തത്ത്വശാസ്ത്രം, നാടകം, സാഹിത്യ നിരൂപണം എന്നീ മേഖലകളിലും അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. 1939-ൽ ഇറാഖിലെ മൗസ്വിലിൽ ജനനം. 1986-ൽ ഈജിപ്തിലെ ഐനുശ്ശംസ് സർവകലാശാലയിൽനിന്ന് ഇസ്‌ലാമിക ചരിത്രപഠനത്തിൽ ഡോക്ടറേറ്റ്.

*ഉമറുബ്നുൽ അബ്ദിൽ അസീസിന്റെ കാലത്തെ ഇസ്‌ലാമിക വിപ്ലവമുദ്രകൾ, ഇമാദുദ്ദീൻ സങ്കി (ജീവചരിത്രം), ഇസ്‌ലാമിന്റെ ചരിത്ര വ്യാഖ്യാനം, ശാമിലെയും അറേബ്യൻ ഉപദ്വീപിലെയും അർതഖീ ഭരണകൂടങ്ങൾ, ഇസ്‌ലാമിക ചരിത്രം മാറ്റിയെഴുതേണ്ടതുണ്ടോ?, ഓറിയന്റലിസ്റ്റുകളും നബിചരിത്രവും, ഇസ്‌ലാമിക ചരിത്രം-രചനയും അപഗ്രഥനവും, നബിചരിത്രപഠനങ്ങൾ* എന്നിവയാണ് പ്രധാന കൃതികൾ.

**ചരിത്രം, ഭൂമിശാസ്ത്രം, വ്യക്തി, സമൂഹം, ജ്യോതിശാസ്ത്രം, വൈദ്യം, എഞ്ചിനീയറിംഗ് തുടങ്ങി എല്ലാ മേഖലയിലും തൗഹീദ് സ്വയം ആവിഷ്കരിക്കുന്നു. അംബരചുംബികളായി തലയുയർത്തി നിൽക്കുന്ന മിനാരങ്ങളിലും, ഭക്തിയും സമർപ്പണവും അകത്തൊതുക്കുന്ന താഴികക്കുടങ്ങളിലും കവിവചനങ്ങളിലും വാസ്തുശിൽപങ്ങളുടെ മിനുക്കുപണികളിലുമെല്ലാം തൗഹീദ് വെളിച്ചപ്പെടുന്നു. മറ്റൊരു നാഗരികതയിലും ഇത്തരമൊരു അനുഭവം കാണാവതല്ല.**

**ഇസ്‌ലാമിക** നാഗരികതയുടെ ബാഹ്യരൂപങ്ങൾക്കും മാറിക്കൊണ്ടിരിക്കുന്ന അനുഭവങ്ങൾക്കും പിന്നിൽ മറഞ്ഞിരിക്കുന്ന സത്ത അന്വേഷിക്കാനുള്ള ശ്രമമാണീ ലേഖനം.

**ഒന്ന്: വിശ്വാസപരത**

ദിവ്യസ്രോതസ്സിൽനിന്ന് ഉത്ഭവിച്ചതും വിണ്ണിന്റെ സ്വഭാവമുള്ളതുമായ പ്രത്യയശാസ്ത്ര അടിത്തറയിലാണ് ഇസ്‌ലാമിക നാഗരികതയുടെ നിൽപ്പ്. അതിനാലാണ് വിശ്വാസനാഗരികതയെന്ന് അത് വിശേഷിപ്പിക്കപ്പെടുന്നത്. ഇതുവഴി, അറിവിനുള്ള ഏകസ്രോതസ്സായി പ്രപഞ്ചത്തെ പരിഗണിക്കേണ്ട സാഹചര്യം അത് മറികടക്കുന്നു. പ്രപഞ്ചത്തോടൊപ്പം 'വഹ്‌യ്' എന്ന ഗുരുത്വമാർന്ന മൗലികാടിത്തറയെകൂടി അറിവിനായി ആശ്രയിക്കുന്നതിനാൽ ഇതര വൈജ്ഞാനിക വ്യവഹാരങ്ങളിൽനിന്ന് അത് വേറിട്ടുനിൽക്കുന്നു. അങ്ങനെ, മണ്ണും വിണ്ണും സംഗമിക്കുന്നതിന്റെ വേറിട്ട നാഗരികാനുഭവമായി ഇസ്‌ലാമിക നാഗരികത പരിണ

മിക്കുന്നു. മനഃപൂർവമോ അല്ലാത്തതോ ആയ എന്തെല്ലാം മാർഗഭ്രംശങ്ങൾ അതിൽ വന്നുചേർന്നിട്ടുണ്ടെങ്കിലും, വസ്തുനിഷ്ഠമായ മൗലിക വ്യാഖ്യാനങ്ങളിൽ നിന്നുള്ള വേറിട്ടുപോക്കുകൾ എത്രതന്നെ ഉണ്ടായിട്ടുണ്ടെങ്കിലും താളപ്പൊരുത്തം, ഗതി, ചായ്‌വ് എന്നിത്യാദി പൊതുഘടനയിൽ പ്രപഞ്ചത്തെയും വഹ്‌യിനെയും ആശ്രയിക്കുന്ന ഒരു വിശ്വാസനാഗരികതയായിത്തന്നെ അത് നിലനിൽക്കുന്നു. ആദർശം അതിരിടുന്ന മൂല്യവ്യവസ്ഥയുടെ ചട്ടക്കൂടിനകത്തു നിന്നുകൊണ്ട് കർമപരിപാടി ആവിഷ്കരിക്കാൻ അത് കടപ്പെട്ടിരിക്കുന്നു. ഇസ്‌ലാമിന്റെ ഏതൊരു ഉദ്യമവുംപോലെ, ഇസ്‌ലാമിക നാഗരികതയുടെ വിശ്വാസപരതയും തൗഹീദിനു ചുറ്റുമാണ് കറങ്ങുന്നത്. മുസ്‌ലിമിന്റെ വൈജ്ഞാനികവും വ്യവഹാരപരവുമായ ജീവിതത്തിലെ ഓരോ യൂനിറ്റിനെയും ഉൾക്കൊള്ളാനാകുമാറ് അതിന്റെ വൃത്തം അനുസ്യൂതമായി വികസിച്ചുകൊണ്ടേയിരിക്കുന്നു. ഒരേ സമയം വികിരണത്തിന്റെയും ആഗിരണത്തിന്റെയും കേന്ദ്രബിന്ദുവാണത്. അത് കൊള്ളുകയും കൊടുക്കുകയും ചെയ്യുന്നു. പ്രവഹിപ്പിക്കുകയും ആവാഹിക്കുകയും ചെയ്യുന്നു.

*ലാ ഇലാഹ ഇല്ലല്ലാഹ്* എന്ന സാക്ഷ്യവചനത്തിൽനിന്ന് ഉരുവപ്പെട്ടതിനാൽ തൗഹീദ് തന്നെയാണ് അതിന്റെ കേന്ദ്രബിന്ദുവും ലക്ഷ്യവും. നാഗരികവ്യവഹാരങ്ങളുടെ ഓരോ സൂക്ഷ്മവശങ്ങളെയും അത് സ്വാധീനിക്കുകയും സ്വന്തം മൂശയിൽ വാർത്തെടുക്കുകയും ദിവ്യവചനത്തിന്റെ വർണം നൽകുകയും ചെയ്യുന്നു. ഇസ്‌ലാമിക നാഗരികതയുടെ ഈ മൗലിക സവിശേഷത, മനുഷ്യനിർമിതമോ വികല മതകീയമോ ആയ ഇതര നാഗരികതകളുമായി താരതമ്യം ചെയ്യുമ്പോഴാണ് കൂടുതൽ കനപ്പെട്ടുവരിക. കർമോത്സുകനായ മനുഷ്യന് ദൈവിക പ്രതിനിധി(ഖലീഫ)യെന്ന അവന്റെ മൗലികധർമം നിറവേറ്റാൻ അവസരമൊരുക്കുകയാണ് ഇസ്‌ലാമിക നാഗരികതയെന്ന യാഥാർഥ്യം നാം ഇവിടെ തിരിച്ചറിയുന്നു. ഖലീഫ എന്ന പദത്തിന്റെ കേവലാർഥ പ്രകാരംതന്നെ അവൻ ഈ പ്രപഞ്ചത്തിന്റെ നാഗരികവിധാതാവായി മാറുന്നു. ചരിത്രം, ഭൂമിശാസ്ത്രം, വ്യക്തി, സമൂഹം, ജ്യോതിശാസ്ത്രം, വൈദ്യം, എഞ്ചിനീയറിംഗ് തുടങ്ങി എല്ലാ മേഖലയിലും തൗഹീദ് സ്വയം ആവിഷ്കരിക്കുന്നു. അംബരചുംബികളായി തലയുയർത്തി നിൽക്കുന്ന മിനാരങ്ങളിലും, ഭക്തിയും സമർപ്പണവും അകത്തൊതുക്കുന്ന താഴികക്കുടങ്ങളിലും കവിവചനങ്ങളിലും വാസ്തുശിൽപങ്ങളുടെ മിനുക്കുപണികളിലുമെല്ലാം തൗഹീദ് വെളിച്ചപ്പെടുന്നു. മറ്റൊരു നാഗരികതയിലും ഇത്തരമൊരു അനുഭവം കാണാവതല്ല.

**ചുരുങ്ങിയ കാലംകൊണ്ട് ലോകത്ത് വ്യാപിച്ച മുസ്‌ലിംകൾക്ക്, ആത്മസംരക്ഷണത്തിന്റെ നൈരന്തര്യം നിലനിർത്തുന്നതും മുസ്‌ലിംസമൂഹത്തിന്റെ വ്യക്തിത്വം ഇല്ലായ്മ ചെയ്യുന്ന ബാഹ്യഘടകങ്ങളിൽ അലിഞ്ഞുപോകാത്തതുമായ ഒരു നാഗരികത വാർത്തെടുക്കാൻ സാധിച്ചു. എന്നാലത് അന്യനാഗരികതകളുടെ സംഭാവനകൾക്കു മുമ്പിൽ ഒരിക്കലും വാതിലുകളടച്ചില്ല.**

ചരിത്രത്തിലുടനീളം നമ്മുടെ നാഗരികവ്യാപാരങ്ങൾക്കെല്ലാം തൗഹീദ് അതിന്റെ ഏകീഭാവവും അനന്യമായ വ്യക്തിത്വവും പകർന്നുതന്നിട്ടുണ്ട്. അതിന്റെ ഓരോ സൂക്ഷ്മ ശകലങ്ങളെയും തനതായ കോർവയിൽ അത് നെയ്തെടുത്തു. അതിന്റെ ഊടും പാവുമെല്ലാം ഏകലക്ഷ്യത്തിലേക്ക് തിരിഞ്ഞിരിക്കുന്നു. ആത്യന്തികമായി, ഏകനായ നെയ്ത്തുകാരനിലേക്ക് വിരൽചൂണ്ടുകയാണ് ആ നിർമിതി. ഇസ്‌ലാമിക നാഗരികത ഇതര നാഗരികതകളോട് പ്രതിപ്രവർത്തിച്ചപ്പോഴൊക്കെ തൗഹീദായിരുന്നു അതിന്റെ സേഫ്റ്റി വാൽവ്. തൗഹീദിന്റെ പ്രകൃതത്തിന് ഇണങ്ങാത്ത ഒന്നിനെയും അത് കൊണ്ടില്ല. അതിന്റെ നാഗരികവലയത്തിലേക്ക് കടന്നുവരാൻ തൗഹീദ് അനുവദിക്കാത്ത ഒന്നിനെയും അത് അകത്തേക്ക് കടത്തിവിട്ടില്ല. ഇസ്‌ലാമിക നാഗരികതക്ക് അതിന്റെ അതുല്യതയെന്ന സവിശേഷത സാക്ഷാത്കരിക്കാൻ അവസരമൊരുക്കുകയാണ് തൗഹീദിവിടെ. അതേ സമയം, ഇതര നാഗരികതകളുടെ ഓരോ സ്പന്ദനത്തിലും കേൾക്കുന്നത് ബഹുദൈവത്വത്തിന്റെയും ബിംബാരാധനയുടെയും ദ്വൈതങ്ങളുടെയും വൈരുധ്യങ്ങളുടെയും ധ്വനികളാണ്. ഡോ. ഇസ്മാഈൽ റാജി ഫാറൂഖി പറയുന്നതു നോക്കൂ: തൗഹീദാണ് ഇസ്‌ലാമിക നാഗരികതക്ക് അതിന്റെ സ്വത്വം പ്രദാനം ചെയ്യുന്നത് . അതിലെ ഓരോ ഘടകങ്ങളെയും തമ്മിൽ ചേർത്തുനിർത്തുന്നതും അതുതന്നെ. ഇസ്‌ലാമിക നാഗരികതക്കകത്തേക്ക് പ്രവേശിക്കുന്ന ഏത് ബാഹ്യാംശത്തെയും അത് ഇസ്‌ലാംവത്കരിക്കുന്നു. വിമലീകരിക്കുന്നു. അങ്ങനെ തൗഹീദിലൂടെ കടന്നുപോയി പുറത്തുവരുന്ന അവ ചുറ്റുപാടുള്ളതിന് സമാനമായി മാറിയിരിക്കും.

**രണ്ട്: മൗലികതയും വിശാലതയും**

മൗലികതക്കും വിശാലതക്കുമിടയിൽ ഏറ്റവും സന്തുലിതമായ സമ്മേളനം സാധ്യമാക്കിയ നാഗരികതയാണത്. ഏറെ കെട്ടുറപ്പാർന്ന രീതിയിൽ സ്വയം സംരക്ഷിച്ചു നിർത്തുന്നതോടൊപ്പം ബാഹ്യ നാഗരികതകളിൽനിന്ന് മൂല്യങ്ങളും അനുഭവങ്ങളും ഏറ്റുവാങ്ങാനുള്ള സന്നദ്ധതയും അത് പ്രകടിപ്പിക്കുന്നു. ചുരുങ്ങിയ കാലംകൊണ്ട് ലോകത്ത് വ്യാപിച്ച മുസ്‌ലിംകൾക്ക്, ആത്മസംരക്ഷണത്തിന്റെ നൈരന്തര്യം നിലനിർത്തുന്നതും മുസ്‌ലിംസമൂഹത്തിന്റെ വ്യക്തിത്വം ഇല്ലായ്മ ചെയ്യുന്ന ബാഹ്യഘടകങ്ങളിൽ അലിഞ്ഞുപോകാത്തതുമായ ഒരു നാഗരികത വാർത്തെടുക്കാൻ സാധിച്ചു. എന്നാലത് അന്യനാഗരികതകളുടെ സംഭാവനകൾക്കു മുമ്പിൽ ഒരിക്കലും വാതിലുകളടച്ചില്ല. എന്നല്ല, സൃഷ്ടിപരവും രചനാത്മകവുമായ അംശങ്ങളെയെല്ലാം ഉത്സാഹപൂർവം ആവാഹിക്കാൻ അത് ഹൃദയവിശാലത കാണിക്കുകതന്നെ ചെയ്തു.

ബാഹ്യവെല്ലുവിളികളെ നേരിടുന്നതിൽ ഇസ്‌ലാമികനാഗരികത എന്നും ചങ്കുറപ്പു കാണിച്ചിട്ടുണ്ട്. സംവാദാത്മകമായി അത് അവയെ നേരിട്ടു. അവയെ തലനാരിഴ കീറി അപഗ്രഥിക്കുകയും വിശ്ലേഷണം നടത്തുകയും ചെയ്തു. ശേഷം, ഇസ്‌ലാമിക ഘടനയിൽ അതിനെ പ്രയോഗിച്ചുനോക്കി. അതിനോട് യോജിച്ചുപോകുന്നതിനെ ഉൾക്കൊള്ളുകയും വളരാനനുവദിക്കുകയും അല്ലാത്തവയെ തിരസ്കരിക്കുകയും ചെയ്തു.

**മൂന്ന്: സന്തുലിതത്വം**

ഇസ്‌ലാമിക നാഗരികതയുടെ ഊന്നലുകളിലും ഉന്നങ്ങളിലുമെല്ലാം സന്തുലിതത്വം ഏറെ സ്പഷ്ടമാണ്. അതിലെ മുഖാമുഖം നിൽക്കുന്ന ദ്വന്ദ്വങ്ങളും അഗ്രങ്ങളും ഊടും പാവും പോലെ നിലകൊള്ളുന്നു. "നിങ്ങളെ അപ്രകാരം നാം മധ്യമസമുദായമാക്കിയിരിക്കുന്നു, നിങ്ങ

ൾ ജനങ്ങൾക്കും ദൂതൻ നിങ്ങൾക്കും സാക്ഷിയാകേണ്ടതിന്ന്" എന്ന ഖുർആൻ സൂക്തത്തിന്റെ സൂചന ഭൂമിശാസ്ത്രപരമായ ഒന്നല്ല. പ്രത്യുത, ആദർശപരമായ നിലപാടും വർക്ക് സ്ട്രാറ്റജിയുമത്രെ അത്. സന്തുലിതത്വം സാക്ഷാത്കരിക്കാനുള്ള ശാശ്വതമായ കെൽപ്പാണത്. ഇടത്തോട്ടോ വലത്തോട്ടോ ഉള്ള ചായ്‌വ് അതിലില്ല. സർവജനങ്ങൾക്കും സാക്ഷിയാകാൻ ഈ സന്തുലിതത്വം അനുപേക്ഷ്യമാണെന്ന് പറയേണ്ടതില്ലല്ലോ.

ദിവ്യബോധനവും പ്രപഞ്ചവും, ബുദ്ധിയും വിശ്വാസവും, ഗോചരവും അഗോചരവും, ആത്മാവും പദാർഥവും, വിധിവിശ്വാസവും തീരുമാനാധികാരവും, പ്രകൃതിയും പ്രകൃത്യാതീതവും, മൂല്യവും പ്രയോജനപരതയും, വ്യക്തിയും സമൂഹവും, നീതിയും സ്വാതന്ത്ര്യവും, ഏകത്വവും വൈവിധ്യവും, സുഭിക്ഷതയും വിരക്തിയും, സുഖാസ്വാദനവും ആത്മനിയന്ത്രണവും, സ്ഥൈര്യവും പുരോഗതിയും, ഇഹലോകവും പരലോകവും, മണ്ണും വിണ്ണും, നശ്വരതയും അനശ്വരതയും തുടങ്ങി ഇസ്‌ലാമിക നാഗരികത സമഞ്ജസമായി സമ്മേളിപ്പിക്കാത്ത ദ്വന്ദ്വങ്ങളില്ല. ഇവയിൽതന്നെ ഏറ്റവും ശ്രദ്ധേയമായ സമ്മേളനം ഏകത്വത്തിന്റെയും വൈവിധ്യത്തിന്റേതുമാണ്. ഇതര നാഗരികതകളിലെല്ലാം പരസ്പരം ഏറ്റുമുട്ടുകയായിരുന്നു അവ രണ്ടും. ധ്രുവാന്തരമുള്ള അവക്കിടയിലെ രഞ്ജിപ്പ് ഇസ്‌ലാമിക നാഗരികതയിലേ സാധ്യമായുള്ളൂ.

"ജനങ്ങളേ, നാം നിങ്ങളെ ഒരു ആണിൽനിന്നും പെണ്ണിൽനിന്നും സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ ജനതകളും ഗോത്രങ്ങളുമാക്കിയത് പരസ്പരം തിരിച്ചറിയേണ്ടതിനാകുന്നു" എന്ന സൂക്തം കാഴ്ചവെക്കുന്നത് പൊതുമയും തനിമയും തമ്മിലുള്ള വൈരുദ്ധ്യാത്മക സമ്മേളനമാണ്. ജനതകൾക്കും സമൂഹങ്ങൾക്കും രാഷ്ട്രങ്ങൾക്കുമിടയിലെ പരസ്പരഭിന്നത അംഗീകരിക്കുന്നതോടൊപ്പം, മാനവികവിതാനത്തിൽ അവയെയെല്ലാം സമ്മേളിപ്പിക്കാൻ യത്നിക്കുന്ന ഇസ്‌ലാമിക കോമൺവെൽത്തിനെപ്പറ്റിയാണ് ഈ സൂക്തം സംസാരിക്കുന്നത്. ഒട്ടും അയവില്ലാതിരുന്ന പ്രത്യയശാസ്ത്ര അടിത്തറകളുടെ പ്രേരണയാൽ വൈവിധ്യങ്ങളാകെ നിർമാർജനം ചെയ്യാനും കണ്ടുകെട്ടാനും നിർബന്ധിത ഐക്യം അടിച്ചേൽപ്പിക്കാനും ഒരുമ്പെട്ടിറങ്ങിയ കമ്യൂണിസ്റ്റ് കോമൺവെൽത്തിൽനിന്ന് മൗലികമായിത്തന്നെ അത് വേറിട്ടുനിൽക്കുന്നു. അതിന്റെ പാളിച്ചയും അപ്രായോഗികതയും ബോധ്യപ്പെടാൻ ഏറെയൊന്നും കാലം വേണ്ടിവന്നില്ലല്ലോ. പെരിസ്ട്രോയിക്കക്കു മുമ്പുള്ള സോവിയറ്റ് റഷ്യയുടെ അനുഭവത്തിലൂടെയൊന്നു കടന്നു പോയാൽ, വ്യത്യസ്ത സാംസ്കാരിക പരിസരമുള്ള സമൂഹങ്ങളുടെയും സമുദായങ്ങളുടെയും ഭാഗത്തുനിന്ന് അതിനെതിരെയുയർന്ന മുറവിളികൾ നമുക്കു കേൾക്കാം. അതേസമയം, വിവിധ ഭൂഖണ്ഡങ്ങളിലെ സാംസ്കാരിക വൈവിധ്യങ്ങൾ ഇസ്‌ലാമിക നാഗരികതയുടെ കുടക്കീഴിൽ പരസ്പരം വശംചേർന്നുനിന്നതെങ്ങനെയെന്ന ചിന്ത നമ്മെ വിസ്മയിപ്പിക്കാതിരിക്കില്ല. അന്നേരം, മുൻ ദ്വന്ദ്വങ്ങളെയെല്ലാം സമന്വയിപ്പിക്കുന്നതിൽ ഇസ്‌ലാമിക നാഗരികത ദീക്ഷിച്ച യാഥാർഥ്യബോധവും ആസൂത്രണത്തികവും നാം തിരിച്ചറിയുന്നു. അറബി, തുർക്കി, ഫാർസി, ഇന്ത്യൻ, ചൈനീസ്, മുഗൾ, സ്പാനിഷ്, ആഫ്രിക്കൻ തുടങ്ങിയ ഭിന്നസംസ്കാരങ്ങൾക്കും ഇറാഖി, സിറിയൻ, ഈജിപ്ഷ്യൻ, മൊറോക്കൻ, തുർകിസ്താനീ, ചൈനീസ്, ഇന്ത്യൻ, പൂർവ യൂറോപ്യൻ, സ്പാനിഷ്, മെഡിറ്ററേനിയൻ തുടങ്ങിയ പ്രാദേശിക വൈവിധ്യങ്ങൾക്കും പരസ്പരഭിന്നമായ വൈജ്ഞാനിക സംരംഭങ്ങൾക്കുമെല്ലാം സ്വതന്ത്രമായി വളരാനും വികസിക്കാനും അവസരമൊരുങ്ങിയത് ഇസ്‌ലാമിക നാഗരികതയുടെ തണലിലാണെന്നത് ചരിത്രസത്യം. ഈ വൈവിധ്യങ്ങളൊന്നും തൗഹീദിന്റെ തേട്ടത്തിനു വിരുദ്ധമാണെന്ന് ആരും വാദിച്ചില്ല. ഭിന്നിക്കാനുള്ള ഈ സ്വാതന്ത്ര്യം കണ്ടുകെട്ടേണ്ടതാണെന്നും ആരും പറഞ്ഞില്ല.

ഇസ്‌ലാമിക ചരിത്രത്തിൽ, മൂന്നു ഭൂഖണ്ഡങ്ങളിലായി ഛിദ്രിച്ചുപോവുകയും അങ്ങനെ വ്യത്യസ്ത നേതൃത്വങ്ങളാൽ വിവിധ നാടുകളിൽ ഭരിക്കപ്പെടുകയും ചെയ്ത ദശക്കണക്കിനു വരുന്ന മുസ്‌ലിം നാടുകളിലെ രാഷ്ട്രീയ ഭിന്നിപ്പിനപ്പുറം കാണുന്ന സാംസ്കാരിക വൈവിധ്യങ്ങളും ഇസ്‌ലാമിക പരിധിക്കു പുറത്തായിരുന്നില്ല. ആ രാഷ്ട്രങ്ങളെല്ലാം ഇസ്‌ലാമിക ഭൂപ്രദേശത്തിന്റെ വികാസം സ്വപ്നം കാണുകയും അതിനായി രാപ്പകലില്ലാതെ പോരടിക്കുകയും ചെയ്തു. ഈ വസ്തുതകളെല്ലാം മുന്നിൽവെച്ചുകൊണ്ടായിരിക്കാം വിഖ്യാത ഓറിയന്റലിസ്റ്റ് ഫോൻ ഗ്രോൺബാം ഇസ്‌ലാമികനാഗരികതയെ സംബന്ധിച്ച തന്റെ ഗ്രന്ഥത്തിന് *ഏകത്വത്തിന്റെയും വൈവിധ്യത്തിന്റെയും നാഗരികത*യെന്ന് നാമകരണം ചെയ്തത്.

**നാല്: സമഗ്രത**

മനുഷ്യജീവിതത്തിന്റെ നാനാതുറകളിലേക്കും കടന്നുചെല്ലാനും, ജീവിതത്തിന്റെയും ഉണ്മയുടെയും തലനാരിഴ കീറാനും, മനുഷ്യന്ന് ബാധകമായ സർവതിനെയും സദാ നിരീക്ഷിക്കാനുമുള്ള ശേഷിയാണ് ഇസ്‌ലാമിക നാഗരികതയുടെ മറ്റൊരു സവിശേഷത. ഇതിനെ നാം സമഗ്രതയെന്നു വിളിക്കുന്നു. ആ നാഗരികതയുടെ ശിൽപ്പികൾ സ്പർശിക്കാത്ത വിഷയങ്ങളില്ല. ഏതൊരു പ്രശ്നത്തിന്റെയും സാംസ്കാരിക വ്യാഖ്യാനം കണ്ടെത്താനായി അവർ നാടൊട്ടുക്കും സഞ്ചരിച്ചു. ബുദ്ധി, മനസ്സ്, ശരീരം, ബോധം, ആത്മാവ് തുടങ്ങിയവയെ ഏതെങ്കിലും അളവിൽ ബാധിക്കുന്ന ഒന്നിനെയും അവർ സമീപിക്കാതിരിക്കുകയോ അഭിപ്രായം രേഖപ്പെടുത്താതെ വിടുകയോ ചെയ്തില്ല. ഒരു പ്രശ്നത്തിനു മുമ്പിലും അവർ തളരുകയോ അന്താളിച്ചു നിൽക്കുകയോ ഒളിച്ചോടുകയോ ചെയ്തില്ല. മുൻചൊന്ന പഞ്ചഘടകങ്ങളിൽ ഓരോന്നിനും ആവശ്യമായ ഭക്ഷണങ്ങൾ വേണ്ടതോതിൽ ഇസ്‌ലാമിക നാഗരികത പ്രദാനം ചെയ്തിട്ടുണ്ടെന്ന വസ്തുത പ്രതിയോഗികൾപോലും സമ്മതിച്ചിട്ടുണ്ട്. ഇതര നാഗരികതകളാകട്ടെ, ഭൂമിയിലെ മാനുഷിക വ്യവഹാരങ്ങളെ കൈകാര്യം ചെയ്തപ്പോൾ വ്യത്യസ്ത മാനദണ്ഡങ്ങൾ സ്വീകരിച്ച് വിഭിന്നമായ നിലപാടുകളിലെത്തിപ്പെട്ടു. സമഗ്രമായ മൂലമാനദണ്ഡം സ്വീകരിച്ച ഇസ്‌ലാമിക നാഗരികതയിലാകട്ടെ എല്ലാ വിതരണവും ന്യായയുക്തമായിരുന്നു. എന്നാൽ ഒറ്റപ്പെട്ട ഉദാഹരണങ്ങൾ സാമാന്യവത്കരിക്കാൻ പാടില്ലാത്തതാകുന്നു.

**അഞ്ച്: സൃഷ്ടിപരത**

മനുഷ്യനെയോ പ്രപഞ്ചത്തെയോ നിരാശാവാദത്തിന്റെ കറുത്ത കണ്ണടയിലൂടെ നിരീക്ഷിക്കാൻ ഇസ്‌ലാമിക നാഗരികത അനുവദിക്കുന്നില്ല. മൂല്യനിരാസവാദം (nihilism), അരാജകത്വം(anarchy), മൗഢ്യതാവാദം(absurdism), ഉന്മാദത്തിലും അന്ധകാരത്തിലും ലൈംഗികതയിലും മുങ്ങിനിൽക്കുന്ന സർറിയലിസം തുടങ്ങിയ സംഹാരാത്മക പ്രവണതകളൊന്നും ഇസ്‌ലാമിക നാഗരികതയിൽ മുള പൊട്ടിയതല്ല. മറിച്ച്, അവയെല്ലാം കിളിർത്തത് പാശ്ചാത്യനാഗരികതയിലായിരുന്നല്ലോ. മനുഷ്യന്റെ നാഗരികാനുഭവത്തിൽ സാധുവാണെന്നു ബോധ്യപ്പെട്ടുവന്ന വ്യവസ്ഥകളും

തത്ത്വങ്ങളും സിദ്ധാന്തങ്ങളുമൊന്നും പരിണാമത്തിന്റെയോ പുരോഗമനത്തിന്റെയോ പേരിൽ തിരസ്കരിക്കാൻ ഇസ്‌ലാമികനാഗരികത ഉദ്യുക്തമായില്ല.

**ആറ്: റിയലിസ്റ്റിക് (യഥാതഥ) നാഗരികത**

ചരിത്രത്തിൽ കഴിഞ്ഞുപോയ പല നാഗരികതകളും പാശ്ചാത്യനാഗരികതയുമെല്ലാം റിയലിസ്റ്റിക് നാഗരികതകളായിരുന്നുവെന്ന് പറയപ്പെടാറുണ്ട്. അതിനാൽതന്നെ ഇസ്‌ലാമിക നാഗരികതയുടെ സവിശേഷതയായി എടുത്തുപറയേണ്ട ഒന്നല്ല റിയലിസ്റ്റിക് എന്നത്. എന്നാൽ, ഈ നാഗരികതയുടെ മഹാലക്ഷ്യങ്ങൾ ഭൂതലംവിട്ട് വാനലോകത്തേക്കും നശ്വരത വിട്ട് അനശ്വരതയിലേക്കും ഉറ്റുനോക്കുന്നതായി നമുക്കറിയാം. അതേ സമയം, പ്രപഞ്ചത്തിന്റെ ഭൗമികതലത്തെയോ ദ്വന്ദ്വഭാവത്തെയോ അഗണ്യകോടിയിൽ തള്ളാനും ഈ നാഗരികതക്കാവില്ല. ഈ അർഥത്തിലാണ് ഏറ്റവും യഥാതഥമായ നാഗരികതയെന്ന് ഇസ്‌ലാമിക നാഗരികതയെ നാം വിശേഷിപ്പിക്കുന്നത്.

മധ്യകാല നൂറ്റാണ്ടുകളിൽ യൂറോ-ഏഷ്യൻ ഭൂപ്രദേശങ്ങളിലെ മിക്ക നാഗരികതകളും ഈ ദ്വന്ദ്വഭാവത്തെ അഭിമുഖീകരിക്കേണ്ടിവന്നഘട്ടത്തിൽ, നാഗരിക ലക്ഷ്യങ്ങളും ജീവിതത്തിന്റെ അനിവാര്യതകളും പരസ്പരം സമന്വയിപ്പിക്കാനാവാതെ പരാജയം സമ്മതിക്കുകയാണുണ്ടായത്. ഇസ്‌ലാമിക നാഗരികതയാകട്ടെ, പ്രപഞ്ചത്തിൽ തന്റെ ആവശ്യങ്ങളെല്ലാം നിവർത്തിക്കാൻ സാധിക്കുമാറ് മനുഷ്യനെ അധ്വാനിക്കാൻ വിട്ടു. കാർമേഘങ്ങൾപോലെ ആകാശ-ഭൂമികൾക്കിടയിൽ അവനെയത് തൂക്കിയിട്ടില്ല. അതിനാലാവാം, ഗ്രീക്കു തത്ത്വചിന്തയുടെ സ്വാധീനത്തിൽ ഫാറാബി സ്വപ്നം കണ്ട ശ്രേഷ്ഠനഗരം (Utopia-അൽമദീനതുൽ ഫാദില) ധാരാളമായി നമ്മുടെ വൈജ്ഞാനിക പൈതൃകത്തിൽ കണ്ടുവരുന്നത്. ആ പൈതൃകത്തിന്റെ ഉപജ്ഞാതാക്കളുടെ വൈജ്ഞാനിക വ്യവഹാരങ്ങൾക്ക് പ്രേരണ നൽകിയ ഇസ്‌ലാം, മാതൃകാലോകം സ്വപ്നംകാണാനും അതേ സമയം സുഖസുഷുപ്തിയിലാഴാനും പരിശ്രമശാലിയായ മുസ്‌ലിമിനെ അനുവദിച്ചിട്ടില്ല. മറിച്ച്, സംഭവലോകത്ത് തന്റെ വാദങ്ങളുടെ സാക്ഷാത്കാരത്തിനായി അവൻ യത്നിക്കണം. സ്ഥലകാല പരിഗണനകളോടെ തന്റെ ഗതി നിർണയിക്കണം. വർത്തമാനത്തിലൂന്നി ഭാവി കെട്ടിപ്പടുക്കണം. രാപ്പകലില്ലാതെ അവൻ

**അറബി, തുർക്കി, ഫാർസി, ഇന്ത്യൻ, ചൈനീസ്, മുഗൾ, സ്പാനിഷ്, ആഫ്രിക്കൻ തുടങ്ങിയ ഭിന്നസംസ്കാരങ്ങൾക്കും ഇറാഖി, സിറിയൻ, ഈജിപ്ഷ്യൻ, മൊറോക്കൻ, തുർകിസ്താനീ, ചൈനീസ്, ഇന്ത്യൻ, പൂർവ യൂറോപ്യൻ, സ്പാനിഷ്, മെഡിറ്ററേനിയൻ തുടങ്ങിയ പ്രാദേശിക വൈവിധ്യങ്ങൾക്കും പരസ്പരഭിന്നമായ വൈജ്ഞാനിക സംരംഭങ്ങൾക്കുമെല്ലാം സ്വതന്ത്രമായി വളരാനും വികസിക്കാനും അവസരമൊരുങ്ങിയത് ഇസ്‌ലാമിക നാഗരികതയുടെ തണലിലാണെന്നത് ചരിത്രസത്യം.**

പ്രതിപ്രവർത്തിക്കുന്ന വർത്തമാനകാലത്തിലെ അക്കങ്ങളുപയോഗിച്ചുതന്നെ ജീവിതത്തിന്റെ സമവാക്യങ്ങൾ പുനരാവിഷ്കരിക്കണം. ഇതെല്ലാമാണ് ഇസ്‌ലാമവനോട് താൽപര്യപ്പെടുന്നത്.

**ഏഴ്: സാർവജനീനതയും സാർവലൗകികതയും**

മനുഷ്യൻ, അവൻ ഏതു നാട്ടുകാരനായാലും, ഇസ്‌ലാമികനാഗരികത അവനോടു സംവദിക്കുന്നു. വംശീയ, പ്രാദേശിക, ഭൂമിശാസ്ത്ര, വർണ, മതകീയ പ്രതിബന്ധങ്ങളെല്ലാം മറികടക്കുകയോ ഇല്ലായ്മ ചെയ്യുകയോ ചെയ്യുന്ന ഇസ്‌ലാമിക നാഗരികത ലോകതലത്തിൽ അതിന്റെ പ്രചാരം ഉറപ്പുവരുത്തുന്നു. അതിനോട് അടുക്കാൻ ശ്രമിക്കുന്ന മനുഷ്യന്റെ മാർഗത്തിൽ വംശീയ, ജാതീയ, മതകീയ-ഭൂമിശാസ്ത്ര വിവേചനത്തിന്റെ മുള്ളുവേലികൾ അതുണ്ടാക്കിവെച്ചിട്ടില്ല. മതവിശ്വാസത്തിന്റെ തായ്‌വേരുകളിൽ ഉരുവപ്പെട്ട നാഗരികതയായിട്ടുകൂടി മതകീയവിവേചനത്തിന് ഒരുമ്പെട്ടിറങ്ങിയില്ലായെന്ന വസ്തുത ഇസ്‌ലാമിക നാഗരികതയുടെ സാർവജനീനതയുടെയും സാർവലൗകികതയുടെയും മാറ്റ് വർധിപ്പിക്കുന്നു. ലോകത്തിനും മനുഷ്യനും വേണ്ടി സ്വയം സമർപ്പിച്ച ഇസ്‌ലാമിക നാഗരികതക്ക് സ്വയം അടച്ചുകളയുകയെന്ന വീഴ്ച ഒരിക്കലും പറ്റിയില്ല. മുസ്‌ലിംകളുടെ ചരിത്രം നോക്കൂ. വിജ്ഞാനകുതുകിയായ ഏതു വ്യക്തിക്കു മുമ്പിലാണ് മുസ്‌ലിംകൾ അറിവിന്റെ കവാടം കൊട്ടിയടച്ചിട്ടുള്ളത്? അയാൾ ഏതു നാട്ടുകാരനാണെന്നത് അവർ പരിഗണിച്ചതേയില്ല. ലോകത്തെ സർവ ഭൂഖണ്ഡങ്ങളിലും അറിവിന്റെ വെള്ളിവെളിച്ചം പകരാനുതകുമാറ് തങ്ങളുടെ വൈജ്ഞാനികനേട്ടങ്ങളും നിരീക്ഷണഫലങ്ങളും ലോകർക്കുമുമ്പിൽ അവർ മലർക്കെ തുറന്നുവെച്ചു. പ്രതിയോഗിയുടെ വശം ആയുധമേൽപ്പിക്കുന്നതുപോലുള്ള ഒരു അവിവേകമായി ഇത് വ്യാഖ്യാനിക്കപ്പെട്ടേക്കാം. പാശ്ചാത്യർ ആദ്യം അണുബോംബും പിന്നീട് ഹൈഡ്രജൻ, ന്യൂട്രോൺ ബോംബുകളും നിർമിച്ചു. എന്നാലവയുടെ ഊർജതന്ത്ര-ഗണിതശാസ്ത്ര സൂത്രവാക്യങ്ങൾ അവരുടെ സാമന്തരല്ലാത്ത രാഷ്ട്രങ്ങൾക്കൊന്നും അവർ കൈമാറിയില്ല. ഈയൊരു നിലപാട് മുസ്‌ലിംകൾക്കും ആവാമായിരുന്നില്ലേ? എന്നാൽ, ഭൂലോകത്തുള്ള മനുഷ്യജീവികൾക്കു മുച്ചൂടും ഗുണംവരുത്താൻ രംഗപ്രവേശം ചെയ്ത മാനവിക നാഗരികതയാണ് എന്നതു മതി ഇസ്‌ലാമിനു മഹത്വമായി എന്ന മറുപടി മാത്രമേ ആ ചോദ്യം അർഹിക്കുന്നുള്ളൂ. ■

**ആശയാനുവാദം: കെ. ജാബിർ**
walidmurhad@gmail.com